# GIMP

1. പരിസര മലിനീകരണം എന്ന വിഷയത്തെ അടിസ്ഥാനമാക്കി രാധയുടെ ഗ്രൂപ്പ് ചെയ്ത പ്രോജക്ടിന്റെ ഭാഗമായി ജിമ്പിൽ ഒരു പോസ്റ്റർ തയ്യാറാക്കിയിരുന്നു. പോസ്റ്ററിന് പശ്ചാത്തല നിറം നൽകി BEWARE OF PLASTIC എന്ന ലോഗോ ഉൾപ്പെടുത്തിയിരുന്നു. രാധ തയ്യാറാക്കിയതുപോലെ മനോഹരമായ ഒരു പോസ്റ്റർ ജിമ്പിൽ തയ്യാറാക്കുക. Home-ലെ Images10 എന്ന ഫോൾഡറിൽനിന്നും 'polution.jpg' എന്ന ചിത്രം പ്രത്യേക ലെയറായി ഉൾപ്പെടുത്തുക. അനുയോജ്യമായ ലോഗോയും പോസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് ചെയ്യുക.

***മൂല്യനിർണയ സൂചിക***

| | |
|---|---|
| 1. ജിമ്പ് ജാലകം തുറക്കുന്നതിന് | - 1സ്കോർ |
| 2. പശ്ചാത്തലനിറം നൽകുന്നതിന് | - 1 സ്കോർ |
| 3. ചിത്രം ചേർക്കുന്നതിന് | - 1 സ്കോർ |
| 4. ലോഗോ നിർമ്മിച്ച് ഉൾപ്പെടുത്തുന്നതിന് | - 2 സ്കോർ |
| 5. സേവ് ചെയ്യുന്നതിന് | - 1 സ്കോർ |

2. സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണത്തിന്റെ (Software Freedom Day) ഭാഗമായി സംഘടിപ്പിച്ച ബോധവൽക്കരണ പ്രവർത്തന യോഗത്തിൽ പ്രദർശിപ്പിക്കുന്നതിന് ഒരു പോസ്റ്റർ തയ്യാറാക്കേണ്ടതുണ്ട്. അനുയോജ്യമായ പശ്ചാത്തലനിറം നൽകി ജിമ്പിൽ ഒരു പോസ്റ്റർ തയ്യാറാക്കുക. Home-ലെ Images10 എന്ന ഫോൾഡറിൽനിന്നും റിച്ചാർഡ് സ്റ്റാൾമാൻ-ന്റെ ചിത്രം ഉൾപ്പെടുത്തുക. ടെക്സ്റ്റ് ടൂൾ ഉപയോഗിച്ച് "Free Software Day" എന്ന സന്ദേശം ടൈപ്പുചെയ്ത് പ്രത്യേക പാളിയായി ഉൾപ്പെടുത്തുക. നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് ചെയ്യുക.

***മൂല്യനിർണയ സൂചിക***

| | |
|---|---|
| 1. ജിമ്പ് ജാലകം തുറക്കുന്നതിന് | - 1സ്കോർ |
| 2. പശ്ചാത്തലനിറം നൽകുന്നതിന് | - 1 സ്കോർ |
| 3. പുതിയ പാളികൾ ഉൾപ്പെടുത്തുന്നതിന് | - 1 സ്കോർ |
| 4. ടെക്സ്റ്റ് ചേർക്കുന്നതിന് | - 1 സ്കോർ |
| 5. ചിത്രം ഉൾപ്പെടുത്തുന്നതിന് | - 1 സ്കോർ |
| 6. സേവ് ചെയ്യുന്നതിന് | - 1 സ്കോർ |

3. സംസ്ഥാന സ്കൂൾ കലോൽസവത്തെപ്പറ്റി ജിമ്പിൽ ഒരു പോസ്റ്റർ നിർമ്മിക്കുക. Home-ലെ Images10 എന്ന ഫോൾഡറിൽനിന്നും ആവശ്യമായ ചിത്രങ്ങൾ പ്രത്യേക ലെയറിൽ ഉൾപ്പെടുത്തണം."Kerala State School Kalolsavam 2008-09" എന്നത് ലോഗോ ആയി പോസ്റ്ററിൽ ചേർക്കണം. ഗ്രേഡിയന്റ് ഉപയോഗിച്ച് അനുയോജ്യമായ പശ്ചാത്തലനിറം നൽകി പോസ്റ്റർ ആകർഷകമാക്കുക. നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് ചെയ്യുക.

***മൂല്യനിർണയ സൂചിക***

| | |
|---|---|
| 1. ലോഗോ ആയി നിർമ്മിച്ച സന്ദേശം ചേർക്കുന്നതിന് | - 2സ്കോർ |
| 2. ഗ്രേഡിയന്റ് ഉപയോഗിച്ച് പശ്ചാത്തലനിറം മാറ്റുന്നതിന് | - 1 സ്കോർ |
| 3. ഒന്നിലധികം ലെയറുകൾ ഉപയോഗിക്കുന്നതിന് | - 1 സ്കോർ |
| 4. ചിത്രം ചേർക്കുന്നതിന് | - 1 സ്കോർ |
| 5. സേവ് ചെയ്യുന്നതിന് | - 1 സ്കോർ |